പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4157** **21.07.2015-ൽ മറുപടിക്ക്**

സ്മാർട്ട് സിറ്റി പദ്ധതിയിൻകീഴിൽ വികസിപ്പിക്കുന്ന നഗരങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി)** |
| (എ) കേന്ദ്രഗവൺമെന്റിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കുകയുണ്ടായിട്ടുണ്ട്; | (എ) നിലവിൽ സ്മാർട്ട് സിറ്റി പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല |
| (ബി) ഏത് ഏജൻസിയാണ് പദ്ധതികൾ രൂപകല്പന ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ ഏതെല്ലാം നഗരങ്ങളെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ബി) തീരുമാനിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്തെ നഗരങ്ങളിൽ സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്; ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കു ന്നതിന്റെ ആദ്യപടിയായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പദ്ധതിയിൽ ഇടം നേടാൻ യോഗ്യതയുള്ള പട്ടണങ്ങളുടെ ഒരു കരട് ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതുണ്ട്. മത്സരാധിഷ്ഠിതമായ പദ്ധതി തെരഞ്ഞെടുപ്പായതിനാൽ 100 സിറ്റികളിലൊന്നായി യോഗ്യത നേടുന്നതിന് മറ്റ് സംസ്ഥാനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുമായി |

മത്സരിക്കേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പിനായി ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഒരു സ്റ്റേറ്റ് മിഷൻ ഡയറക്ടറേയും നോഡൽ ആഫീസറേയും നിയമിക്കുന്നതിനും നടപടികളും പദ്ധതിയിൽ മത്സരിക്കാൻ യോഗ്യതയുളള സംസ്ഥാനത്തെ പട്ടണങ്ങളുടെ ഒരു കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുളള നടപടികൾ നടന്നു വരുന്നു.

(ഡി) പദ്ധതി തയ്യാറാക്കുന്നതിന്റെയും നടപ്പിൽ വരുത്തുന്നതിന്റെയും മുഖ്യ ഉത്തര വാദിത്തം ആർക്കാണ്. അതിനായി സജ്ജമാക്കിയ സംവിധാനങ്ങൾ എന്തൊക്കെ;

(ഡി) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)

(ഇ) ആദ്യഘട്ട സ്മാർട്ട് സിറ്റി പദ്ധതികൾ ഏത് വർഷത്തിനകം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(ഇ) കാലപരിധി നിശ്ചിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ